**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2497** **04-03-2025 - ൽ മറുപടിയ്ക്ക്**

**വ്യവസായ സംരംഭങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. യു. ആർ. പ്രദീപ്** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | വ്യവസായം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന സംരംഭകർക്ക് എന്തെല്ലാം സാങ്കേതിക-സാമ്പത്തിക സൗകര്യങ്ങളാണ് വ്യവസായ വകുപ്പ് ചെയ്തു കൊടുക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭമേഖലയുടെ സുസ്ഥിര വളർച്ചയും, ആ മേഖലയിൽ ഉത്പാദനവും തൊഴിലും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയും വിവിധ പദ്ധതികൾ വ്യവസായ വകുപ്പ് ആസൂത്രണം ചെയ്യുകയും ടി സർക്കാർ പദ്ധതികൾക്ക് സാമ്പത്തിക സഹായങ്ങൾ നൽകുന്നതിലുപരി സംരംഭകർക്ക് ആവശ്യമായ വിവിധ സേവനങ്ങളും, ഉപദേശങ്ങളും നൽകുന്ന ഒരു ഫെസിലിറ്റേറ്റർ എന്ന നിലയിലും വകുപ്പിന്റെ പ്രവർത്തനം മാറിയിട്ടുണ്ട്.<br><br>2019 ലെ കേരള സൂക്ഷ്മ- ചെറുകിട- ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട് പ്രകാരം സംസ്ഥാന നിയമങ്ങൾ പ്രകാരമുള്ള അനുമതികളിൽ നിന്ന്, പുതിയതായി ആരംഭിക്കുന്ന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവപ്പ് വിഭാഗത്തിൽ പെടാത്ത സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളെ മൂന്ന് വർഷം, 6 മാസത്തേയ്ക്ക് ഒഴിവാക്കിയിട്ടുണ്ട്. നിക്ഷേപം സംബന്ധിച്ച് സംരംഭകൻ സമർപ്പിക്കുന്ന സ്വയം സാക്ഷ്യപത്രം ഓൺ ലൈൻ (കെ-സ്വിഫ്റ്റ്) മുഖാന്തിരം സ്വീകരിച്ച് ഭൗതിക പരിശോധന ഇല്ലാതെ ഉടൻ തന്നെ ജില്ലാ ഏകജാലക ക്ലിയറൻസ് ബോർഡ് 'തത്വത്തിലുള്ള അംഗീകാര സാക്ഷ്യപത്രം' നൽകുന്നു. ലഭിക്കുന്ന സാക്ഷ്യപത്രത്തിന് മൂന്ന് വർഷം 6 മാസം കാലാവധി. ഈ കാലയളവിനുള്ളിൽ സംസ്ഥാന നിയമങ്ങൾ പ്രകാരമുള്ള അനുമതികൾ കരസ്ഥമാക്കിയാൽ മതിയാകുന്നതാണ്. സാക്ഷ്യപത്രത്തിന്റെ നമ്പർ സംരംഭത്തിനായുള്ള കെട്ടിടത്തിന്റെ താൽക്കാലിക നമ്പരായി കരുതപ്പെടുന്നതാണ്.<br><br>ടി ആക്ടിന്റെ 2021 ലെ ഭേദഗതി പ്രകാരം സംസ്ഥാനത്ത് ഇതര വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുവാൻ അംഗീകാരം ഒരിക്കൽ നൽകി കഴിഞ്ഞാൽ ആയത് നൽകിയ തീയതി മുതൽ 5 |

വർഷ കാലയളവിലേക്ക് അതിന് സാധുത ഉണ്ടായിരിക്കുന്നതും അംഗീകാരം ലഭിച്ച് ഒരു വർഷത്തിനകം ഓരോ ഇതര വ്യവസായ സ്ഥാപനവും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള, ഫാറത്തിൽ ബന്ധപ്പെട്ട ആക്ടുകളിലേയും ചട്ടങ്ങളിലേയും വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തിക്കൊണ്ട്, ഒരു സാക്ഷ്യപത്രം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് സമർപ്പിക്കേണ്ടതും പ്രസ്തുത അംഗീകാരം പുതുക്കുന്നത് ആവശ്യമായി വരുന്ന സംഗതികളിൽ, പ്രസ്തുത അംഗീകാരം അവസാനിക്കുന്നതിന് 3 മാസം മുമ്പ് ആയത് പുതുക്കുന്നതിനായി ഒരു അപേക്ഷ ആവശ്യമായ രേഖകൾ സഹിതം ഓൺലൈനായി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് നൽകേണ്ടതും, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം, ആയത് പുതുക്കി നൽകേണ്ടതുമാണ്.

ജില്ലാ വ്യവസായ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് വ്യവസായികളുടെ സംശയ ദൂരീകരണത്തിനായി വിദഗ്ധരുടെ പാനൽ സജ്ജമാക്കി, എം.എസ്.എം.ഇ ക്ലിനിക്ക് പദ്ധതി ആരംഭിച്ചിട്ടുണ്ട്. വ്യവസായ വകുപ്പിനു കീഴിൽ ഉള്ള 59 താലൂക്ക് വ്യവസായ കേന്ദ്രങ്ങളെയും എന്റർ പ്രൈസ് ഫെസിലിറ്റേഷൻ സെന്ററുകളായി മാറ്റുകയും, അവിടെയെല്ലാം താലൂക്ക് റിസോഴ്സ് പേഴ്സൺമാരെ നിയമിച്ചിട്ടുണ്ട്. എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും റിസോഴ്സ് പേഴ്സൺമാരെ നിയമിച്ചു. ഇത് കൂടാതെ തദ്ദേശ സ്വയം ഭരണ സ്ഥാപനതലത്തിൽ സംരംഭക വർഷവുമായി ബന്ധപ്പെട്ട് പദ്ധതികളുടെ നടത്തിപ്പിനായി 1153 എന്റർപ്രൈസസ് ഡെവലപ്പ്മെന്റ് എക്സിക്യൂട്ടീവുകളെ നിയമിച്ച് പ്രവർത്തനം നടത്തി വരുന്നു. ജില്ലാ-താലൂക്ക്-തദ്ദേശ സ്ഥാപന തലങ്ങളിലുള്ള ഈ സംവിധാനങ്ങൾ കൂടുതൽ നിക്ഷേപകരെ കണ്ടെത്തുന്നതിന് സഹായകരമാകുന്നുണ്ട്.

സംരംഭകർക്ക് വിവിധ വകുപ്പുകളിൽ നിന്നുള്ള അനുമതികൾ ലഭിക്കുന്നതുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന പരാതികൾ പരിഹരിക്കുന്നതിനായി 1999 ലെ കേരള ഇൻഡസ്ട്രിയൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്സ് ആൻഡ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ ഡവലപ്മെന്റ് ആക്ട്, 1999 (2000 ലെ നിയമം 5) 2022 ലെ 19 നമ്പർ ആക്ട് പ്രകാരം ഭേദഗതി വരുത്തുക വഴി പരാതി പരിഹാര സംവിധാനം (Grievance Redressal System) നിലവിൽ വന്നു. അപ്രകാരം രൂപീകരിച്ചിട്ടുള്ള ജില്ലാ/ സംസ്ഥാന പരാതി പരിഹാര കമ്മിറ്റികൾ മുഖേനെയാണ് ഈ സംവിധാനം പ്രവർത്തിക്കുന്നത്.

ഈ സംവിധാനം കാര്യക്ഷമമായും സമയബന്ധിതമായും പ്രവർത്തിപ്പിക്കുന്നതിനായി ഒരു ഓൺലൈൻ പോർട്ടൽ നിലവിലുണ്ട്.

സംസ്ഥാനത്തെ 1034 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തിങ്കൾ, ബുധൻ ദിവസങ്ങളിൽ ഹെൽപ്പ് ഡെസ്കുകൾ പ്രവർത്തിക്കുന്നുണ്ട്. കേരളത്തെ കൂടുതൽ വ്യവസായ സൗഹൃദ സംസ്ഥാനമാക്കി വളർത്തിയെടുക്കുന്നതിന് വ്യവസായ വകുപ്പ് നടപ്പിലാക്കി വരുന്ന സംരംഭകത്വ പ്രോത്സാഹന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ സംരംഭകരിലേക്കും പൊതുജനങ്ങളിലേക്കും നേരിട്ടെത്തിക്കുവാൻ സംസ്ഥാനത്തൊട്ടാകെയുള്ള എല്ലാ തദ്ദേശസ്ഥാപനങ്ങളിലും എന്റർപ്രണർഷിപ് ഫെസിലിറ്റേഷൻ ക്യാമ്പയിൻ സംഘടിപ്പിച്ചിട്ടുണ്ട്.

2022-23സാമ്പത്തിക വർഷം മുതൽസംരംഭകത്വ പ്രോത്സാഹനത്തിന്റെ ഭാഗമായി സംരംഭകവർഷം എന്ന കാമ്പെയിൻ നടത്തി വരുന്നു. ഓരോ പഞ്ചായത്തിലും രൂപീകരിച്ച പുതിയ സംരംഭങ്ങളുടേയും, അതിന് മുൻപ് മുതൽക്കേ പ്രവർത്തിച്ച് പോരുന്ന സംരംഭങ്ങളുടേയും പ്രതിനിധികളുടെ ഒരു യോഗം 'സംരംഭകസഭ' എന്ന പേരിൽ നടത്തി വരുന്നു.

**എം.എസ്.എം.ഇ ഇൻഷ്യൂറൻസ് പദ്ധതി**

സംസ്ഥാനത്തെ വ്യവസായങ്ങൾക്ക് സുസ്ഥിരമായ വളർച്ച കൈവരിക്കുന്നത് ഉറപ്പുവരുത്തുക എന്ന സർക്കാരിന്റെ പ്രഖ്യാപിത നയത്തിന് അനുസൃതമായി വ്യവസായ വാണിജ്യ വകുപ്പ്, സംസ്ഥാനത്തെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് (എം.എസ്.എം.ഇ) മിനിമം ഇൻഷുറൻസ് പരിരക്ഷ നൽകാൻ വേണ്ടി എം.എസ്.എം.ഇ ഇൻഷ്യൂറൻസ് പദ്ധതി_നടപ്പിലാക്കിയിട്ടുണ്ട്.

**സ്കെയിൽ അപ്പ് മിഷൻ പദ്ധതി (മിഷൻ1000)**

കേരളത്തിലെ MSME കളിൽ നിന്നും തിരഞ്ഞെടുത്ത 1000 MSME കളെ നാല് വർഷത്തിനുള്ളിൽ ശരാശരി 100 കോടി വിറ്റുവരവുള്ള ബിസിനസുകളായി ഉയർത്തുക എന്ന ലക്ഷ്യത്തോടെയാണ് കേരള സർക്കാരിന്റെ സ്കെയിൽ അപ്പ് മിഷൻ പദ്ധതി (മിഷൻ1000) ആരംഭിച്ചിട്ടുണ്ട്. ആദ്യപടിയായി ഇതുവരെ തിരഞ്ഞെടുത്ത 292 സംരംഭങ്ങളിൽ നിന്നും ചുവടെ ചേർക്കുന്ന ആനുകൂല്യങ്ങൾ നൽകുന്നതിനായി അപേക്ഷകൾ സ്വീകരിച്ചുവരുന്നു.

മൂലധന നിക്ഷേപ സബ്സിഡി 40% (പരമാവധി 2 കോടി രൂപ)

പ്രവർത്തന മൂലധന വായ്പകൾക്ക് 4 വർഷത്തേയ്ക്ക് പലിശ നിരക്കിന്റെ 50% വരെ പലിശ ഇളവ് (50 ലക്ഷംരൂപ വരെ)

സ്കെയിൽ അപ്പ് ചെയ്യുന്നതിനുള്ള വിശദമായ പദ്ധതി രേഖ (ഡി.പി.ആർ) തയ്യാറാക്കുന്നതിനുള്ള സാമ്പത്തിക സഹായം (ഒരു സംരംഭത്തിന് ഒരു ലക്ഷം രൂപ വരെ)

തിരഞ്ഞെടുത്ത ഓരോ സംരംഭങ്ങൾക്കും അവരുടെ വിവിധ സ്കെയിലിംഗ്-അപ്പ് അനുബന്ധ പ്രവർത്തനങ്ങളിൽ അവരെ സഹായിക്കാൻ വ്യവസായ വകുപ്പിൽ നിന്ന് ഒരു ഉദ്യോഗസ്ഥന്റെ സഹായം.

**പ്രധാനമന്ത്രി ഫോർമലൈസേഷൻ ഓഫ് മൈക്രോഫുഡ് പ്രോസസിംഗ് എന്റർപ്രൈസസ് (പി.എം.എഫ്.എം.ഇ) പദ്ധതി**

ഭക്ഷ്യ സംസ്കരണ മേഖലയിലെ സംരംഭങ്ങളുടെ ഉന്നമനം ലക്ഷ്യമിട്ട് കേന്ദ്ര സർക്കാരിന്റെ ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയം ആത്മ നിർഭർ ഭാരത് അഭിയാന്റെ ഭാഗമായി സംസ്ഥാന ങ്ങളുമായി സഹകരിച്ച് സാമ്പത്തിക, സാങ്കേതിക, വിപണന പിന്തുണ നൽകുന്നതിനായി രൂപവത്കരിച്ച കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാൻമന്ത്രി ഭക്ഷ്യ സംസ്കരണ സംരംഭങ്ങളുടെ രൂപവൽക്കരണ (പി.എം.എഫ്.എം.ഇ) പദ്ധതി യിലൂടെ 60:40 എന്ന അനുപാതത്തിൽ സൂക്ഷ്മ ഭക്ഷ്യ സംസ്കരണ സംരംഭങ്ങൾക്ക് സാമ്പത്തിക, സാങ്കേതിക, ബിസിനസ്സ് പിന്തുണ ലഭിക്കുന്നതാണ്.

പ്രസ്തുത പദ്ധതി പ്രകാരം ആരംഭിക്കുന്ന സംരംഭങ്ങൾക്ക് നൽകി വരുന്ന ആനുകൂല്യങ്ങളും ധനസഹായങ്ങളും താഴെപറയുന്നു.

**വ്യക്തിഗത സംരംഭങ്ങൾക്കുള്ള ക്രെഡിറ്റ്-ലിങ്ക്ഡ് ക്യാപിറ്റൽ സബ്സിഡി-** പദ്ധതി പ്രകാരമുള്ള സ്ഥിരമൂലധനത്തിന്റെ 35% പരമാവധി പരിധി 10 ലക്ഷം രൂപ.

ഫാർമർ പ്രൊഡ്യൂസർ ഓർഗനൈ സേഷനുകൾ (FPOs)/പ്രൊഡ്യൂസർ കോപ്പറേറ്റീവ്സ്

പദ്ധതി പ്രകാരമുള്ള സ്ഥിരമൂലധന ത്തിന്റെ 35% ക്രെഡിറ്റ്-ലിങ്ക്ഡ് ക്യാപിറ്റൽ സബ്സിഡി

സ്വയംസഹായ ഗ്രൂപ്പുകൾ (സ്വയം സഹായ സംഘങ്ങൾ) – പ്രവർത്തന മൂലധനത്തിനും ചെറിയ ഉപകരണങ്ങൾ വാങ്ങുന്നതിനും സ്വാശ്രയ സംഘത്തിലെ ഓരോ അംഗത്തിനും 40,000 രൂപ രൂപ ഈ പദ്ധതി പ്രകാരം നൽകും

വ്യക്തിഗത SHG അംഗത്തിനുള്ള പിന്തുണയും സ്വാശ്രയ തലത്തിലുള്ള ഫെഡറേഷന് മൂലധന നിക്ഷേപത്തി നുള്ള പിന്തുണയും- ക്രെഡിറ്റ് ലിങ്ക്ഡ് ഗ്രാന്റ് @ 35% പരമാവധി തുക 10 ലക്ഷംരൂപ

പൊതു ഇൻഫ്രാ സ്ട്രക്ചറിനുള്ള സഹായം- എഫ്.പി.ഒ.കൾ, സ്വാശ്രയസംഘങ്ങൾ, സഹകരണ സംഘങ്ങൾ, ഏതെങ്കിലും സർക്കാർ ഏജൻസി അല്ലെങ്കിൽ സ്വകാര്യ സംരംഭങ്ങൾ എന്നിവയ്ക്ക് 35% ക്രെഡിറ്റ് ലിങ്ക്ഡ് ഗ്രാന്റ് പരമാവധി 3 കോടി രൂപ നൽകുന്നു. പദ്ധതി ചെലവ് 10 കോടി രൂപയായി നിജപ്പെടുത്തി യിരിക്കുന്നു.

ബ്രാൻഡിംഗ്, മാർക്കറ്റിംഗ് എന്നിവ യ്ക്കുള്ള സഹായം എഫ്പിഒകൾ/ സ്വാശ്രയ സംഘങ്ങൾ/സഹകരണ സംഘങ്ങൾ അല്ലെങ്കിൽ മൈക്രോഫുഡ് പ്രോസസ്സിംഗ് എന്റർ പ്രൈസസുകളുടെ SPVഎന്നിവയ്ക്ക് പദ്ധതി ചെലവിന്റെ 50% പരമാവധി സഹായം നൽകുന്നു.

**സ്വകാര്യ വ്യവസായ എസ്റ്റേറ്റ്:**

സംസ്ഥാനത്തെ വ്യവസായ വികസനത്തിന് കുതിപ്പ് നൽകാൻ പാകത്തിലും, വ്യവസായിക മേഖലയിൽകൂടുതൽ നിക്ഷേപം നേടുന്നതിനും സർക്കാർ പ്രായോഗിക തലത്തിൽ പരിഷ്കരിച്ച നയത്തിന്റെ ഭാഗമായി നടപ്പിലാക്കിയിട്ടുള്ള പദ്ധതിയാണ് സ്വകാര്യ വ്യവസായ എസ്റ്റേറ്റ് പദ്ധതി. പ്രസ്തുത പദ്ധതിക്കായി http://pie.industry.kerala.gov.in പോർട്ടൽ ആരംഭിച്ചിട്ടുണ്ട്. ഇതുവഴി 31 വ്യവസായ പാർക്കുകൾക്ക് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

**ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക്**

വിദ്യാർത്ഥി സമൂഹത്തിൽ സംരംഭകത്വം വളർത്തുവാനും, വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടക്കുന്ന ഗവേഷണ പ്രവർത്തനങ്ങളിലൂടെ കണ്ടെത്തുന്ന നൂതന ഉൽപ്പന്നങ്ങളുടെ വ്യാവസായിക ഉത്പാദനം വേഗത്തിൽ ആരംഭിക്കുന്നതിനുള്ള സംവിധാനം ആവിഷ്കരിക്കുന്നതിനുമായി ക്യാമ്പസ് ഇൻഡസ്ട്രി യൽ പാർക്ക് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ആയതിലേക്ക് https://cip.industry.kerala.gov.in

പോർട്ടൽ ആരംഭിക്കുകയും ചെയ്തു. പ്രസ്തുത പോർട്ടൽ വഴി 19അപേക്ഷകൾ ലഭിക്കുകയും, അപേക്ഷയിന്മേൽ നടപടി സ്വീകരിച്ചു വരുകയും ചെയ്യുന്നു.

നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതി നായി നടപ്പിലാക്കിവരുന്ന വിവിധ സംരംഭക സഹായ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**1. സംരംഭക സഹായ പദ്ധതി (ESS)**

വ്യവസായ മേഖലയിലെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി 2012 മുതൽ സംരംഭക സഹായ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. പ്രാരംഭ സഹായം, നിക്ഷേപ സഹായം, സാങ്കേതിക സഹായം എന്നീ മൂന്ന് ഘട്ടങ്ങളായാണ് സഹായം നൽകുന്നത്. ഈ പദ്ധതി പ്രകാരം ഉല്പാദന മേഖലയിലെ സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 15% മുതൽ 45% വരെ പരമാവധി 40ലക്ഷം രൂപ വരെ ധനസഹായം നൽകുന്നു.

**2. ഒരു കുടുംബം ഒരു സംരംഭം പദ്ധതി.**

ഉത്പാദന,സേവന, വ്യാപാര മേഖലയിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് എടുക്കുന്ന ബാങ്ക് വായ്പയിൽ 10 ലക്ഷം വരെയുള്ള വായ്പക്കു പലിശ ഇളവ് നല്കുന്നതിനാണ് ഒരു കുടുംബം ഒരു സംരംഭം പദ്ധതി വിഭാവനം ചെയ്യുന്നത്.

**3. ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണി ഗ്രാന്റ് പദ്ധതി.**

വായ്പാധിഷ്ഠിത പ്രോജക്ടുകൾക്ക് Margin Money Grant നല്കി കൊണ്ട് അർഹമായ സംരംഭകർക്ക് സംസ്ഥാനത്തിനകത്ത് ചെറു സംരംഭങ്ങൾ സ്ഥാപിക്കുന്നത് പ്രോത്സാഹിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

**4. തകർച്ച നേരിടുന്നതും പ്രവർത്തനരഹിതവും ആയ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായങ്ങൾ, കശുവണ്ടി സംസ്കരണ യൂണിറ്റുകൾ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പദ്ധതി**

2023-24 സാമ്പത്തിക വർഷം 31/3/2023 വരെ നിലവിലുണ്ടായിരുന്ന, 'തകർച്ച നേരിടുന്ന എം.എസ്.എം.ഇ. കളുടെ പുനരധിവാസവും പുനരുജ്ജീവനവും', 'പ്രവർത്തനരഹിതമായ യൂണിറ്റുകൾ/ കശുവണ്ടി സംസ്കരണ യൂണിറ്റുകളുടെ പുനരധിവാസവും പുനരുജ്ജീവനവും' എന്നീ രണ്ടു പദ്ധതികൾ സംയോജിപ്പിച്ച് 'തകർച്ച നേരിടുന്ന (Stressed) എം.എസ്.എം.ഇ കൾ, പ്രവർത്തന രഹിതമായ എം.എസ്.എം.ഇ കൾ/ കശുവണ്ടി

സംസ്കരണ യൂണിറ്റുകൾ പുനരുജ്ജീവിപ്പി ക്കുന്നതിനുള്ള പദ്ധതി' എന്ന പേരിൽ പുതിയ ഒരു പദ്ധതി നടപ്പിലാക്കി ഉത്തരവ് ആയിട്ടുണ്ട്. പദ്ധതി പ്രകാരം തകർച്ച നേരിടുന്നതും പ്രവർത്തന രഹിതവും ആയ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായങ്ങൾ, കശുവണ്ടി സംസ്കരണ യൂണിറ്റുകൾ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പദ്ധതി .

**5. മാനുഫാക്ചറിംഗ് മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കുള്ള സഹായ പദ്ധതി.**

ഒരു ആശയമോ ഉൽപ്പന്നമോ വികസിപ്പിക്കുന്നതിന് സ്റ്റാർട്ടപ്പുകൾക്ക് ഗണ്യമായ തുക ആവശ്യമായതിനാൽ, സ്റ്റാർട്ടപ്പ് ആശയങ്ങളുള്ള നിക്ഷേപകർക്ക് മതിയായ സാമ്പത്തിക പ്രോത്സാഹനങ്ങൾ നൽകേണ്ടത് പ്രധാനമാണ്. നിലവിൽ സ്റ്റാർട്ടപ്പുകളിൽ ഭൂരിഭാഗവും ഐ.ടി അധിഷ്ഠിത ഉൽപ്പന്നങ്ങളോ ഐടിയുമായി ബന്ധപ്പെട്ടതോ ആയതിനാൽ ഉൽപ്പാദന മേഖലയിൽ നൂതന ആശയങ്ങളുമായി വരുന്ന സംരംഭകരുടെ എണ്ണം ഗണ്യമായി കുറയുന്നു. ഈ സാഹചര്യത്തിൽ, ഉൽപ്പാദന മേഖലയിലെ സ്റ്റാർട്ടപ്പുകൾക്ക് സാമ്പത്തിക സഹായം നല്കുക, പ്രാരംഭഘട്ടത്തിൽ തന്നെ ആവശ്യമായ സാമ്പത്തിക സഹായം ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങളാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. ഈ പദ്ധതി പ്രകാരം യോഗ്യമായ പദ്ധതി ചെലവിന്റെ (Project Cost) 75% പരമാവധി 10 ലക്ഷം രൂപ ഒരു യൂണിറ്റിന് സബ്സിഡിയായി നല്കുന്നു.

**6. Scheme for Assistance for Capital Grants and Interest Subvention to Small and Medium Cashew Factory Units for Rebuilding Lost Livelihood.**

**A)** മൂലധന ഗ്രാന്റ് **(Capital Grant)**

കേരളത്തിലെ ചെറുകിട (Investment less than 10 crore and turnover up to 50 crore) ഇടത്തരം (Investment between 10 and 20 crore and turn over 100 crore) കാഷ്യൂ ഫാക്ടറിയുടെ നവീനവത്കരണത്തിനു മൂലധന ഗ്രാന്റായി പരമാവധി 40 ലക്ഷം രൂപ അനുവദിക്കുന്നു. ടി ആനുകൂല്യം ഒരു തവണ മാത്രമേ അനുവദിക്കുകയുള്ളൂ. ജനറൽ കാറ്റഗറിക്ക് investment-ന്റെ 40% SC/ST/Women/Youth/ Differently abled എന്നിവർക്ക് 50% -വും ആനുകൂല്യമായി ലഭിക്കും.

**B) Interest Subvention (പലിശ സബ്സിഡി) -** കഴിഞ്ഞ സാമ്പത്തിക വർഷം പ്രവർത്തന മൂലധന/ ക്യാഷ് ക്രെഡിറ്റ് ലോൺ എടുത്തതും നിലവിൽ പ്രവർത്തിക്കുന്നതുമായ ചെറുകിട ഇടത്തരം കാഷ്യൂ ഫാക്ടറികൾക്ക് അടച്ച പലിശയുടെ 50 ശതമാനം പരമാവധി 10 ലക്ഷം രൂപ പലിശ സബ്സിഡിയായി അനുവദിക്കുന്നു. നിയന്ത്രണങ്ങൾക്കു വിധേയമായി പരമാവധി 3 തുടർച്ചയായ വർഷങ്ങളിൽ തുക അനുവദിക്കുന്ന ആനുകൂല്യം ലഭ്യമായ യൂണിറ്റുകൾക്ക് തുടർച്ചയായി 5 വർഷം പ്രവർത്തിക്കേണ്ടതാണ്.

**7. സ്വകാര്യ കശുവണ്ടി വ്യവസായ മേഖലയുടെ പുനരുജ്ജീവനം, പുനരുദ്ധാരണം, ഉയർത്തെഴുന്നേൽപ് പദ്ധതി**

സംസ്ഥാനത്തെ കശുവണ്ടി വ്യവസായ മേഖല നിലവിൽ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങളും പ്രതിസന്ധികളും സാധ്യതകളും പഠിക്കുന്നതിനും മേഖലയുടെ സമഗ്ര വികസനം ഉറപ്പുവരുത്തു ന്നതിനും ഉതകുന്ന പദ്ധതികൾ ആവിഷ്കരിക്കു ന്നതിനായി മാനേജ്മെന്റ്/അക്കാദമിക രംഗത്തെ വിദഗ്ധർ ഉൾപ്പെടുന്ന അഞ്ചംഗ സമിതി 13.10.2022 തീയതിയിലെ സ.ഉ.(സാധാ) നമ്പർ.1111/2022/ ഐഡി പ്രകാരം രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി, കശുവണ്ടി മേഖലയുടെ പുനരുജ്ജീവനത്തിനായി ഒരു ഇടക്കാല റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ കശുവണ്ടി മേഖലയുടെ പുനരുജ്ജീവനത്തിനായി 2022-23-ലെ ബജറ്റിൽ പ്രഖ്യാപിച്ച 30.00 കോടി രൂപയുടെ പദ്ധതി നിർവ്വഹണത്തിന് അനുമതി നൽകി സർക്കാർ ഉത്തരവായിരുന്നു. അതിൽ 2 കോടി രൂപയ്ക്ക് 2024-25 വർഷത്തേയ്ക്ക് ഭരണാനുമതി ലഭിച്ചു.

**A) Continued Operation Linked Stimulus Programme - 20 കോടി രൂപ**

കശുവണ്ടി മേഖലയിലെ യോഗ്യരായ സംരംഭകർക്ക് / പ്രോസസ്സർമാർക്ക് മൊത്തം തൊഴിലാളികളുടെ എണ്ണം, തൊഴിൽ ദിനങ്ങളുടെ എണ്ണം, EPF/ESI വിഹിതം എന്നിവ അടിസ്ഥാനമാക്കി ബജറ്റിൽ പ്രഖ്യാപിച്ച 30 കോടി രൂപയിൽ 20 കോടി ഈ ഇനത്തിൽ അനുവദിക്കണമെന്ന കമ്മിറ്റി ശിപാർശ സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

**B) Women Friendly Physical infra Creation/ Upgradation - 5 കോടി രൂപ**

പ്രോസസ്സിംഗ് യൂണിറ്റുകളിൽ ഭൗതിക അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും നവീകരിക്കുന്നതിനും 50% വരെ മൂലധന ഗ്രാന്റുകൾ നൽകാൻ പദ്ധതി ഉദ്ദേശിക്കുന്നു. ബജറ്റിൽ പ്രഖ്യാപിച്ച 30 കോടി രൂപയിൽ 5 കോടി രൂപ ഈ ഇനത്തിൽ ആനുകൂല്യം നൽകണമെന്ന കമ്മിറ്റി ശിപാർശ സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

**C.) <u>Modernization /Upgradation of Shelling Units - 5 കോടി രൂപ</u>**

യൂണിറ്റുകളുടെ പുനരുജ്ജീവനത്തിനായി ഉപകരണങ്ങൾ പ്ലാന്റ് & മെഷിനറി എന്നിവയ്ക്ക് ആവശ്യമായ മൊത്തം മൂലധനച്ചെലവിന്റെ 50 ശതമാനം വരെ ക്യാപിറ്റൽ ഗ്രാന്റായി അനുവദിക്കുന്നു. ബജറ്റിൽ പ്രഖ്യാപിച്ച 30 കോടിയിൽ രൂപയിൽ 5 കോടി രൂപ ഈ ഇനത്തിൽ ആനുകൂല്യം നൽകണമെന്ന കമ്മിറ്റി ശിപാർശ സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

**<u>8. കരകൗശല തൊഴിലാളികൾക്ക് സഹായം (ആശ)</u>**

കരകൗശല മേഖലയിലെ തൊഴിലാളികൾക്ക് സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിന് കരകൗശല മേഖലയിൽ വിപുലമായ പിന്തുണ നൽകാനും, സ്ത്രീ സംരംഭകർ ഉൾപ്പെടുന്ന പ്രത്യേക വിഭാഗങ്ങൾക്ക് ബാങ്കുമായി ബന്ധപ്പെട്ട പദ്ധതികളിൽ ഉചിതമായ ഒറ്റത്തവണ സഹായം നൽകാനും പദ്ധതി ലക്ഷ്യമിടുന്നു. ഉദ്യം രജിസ്ട്രേഷൻ നടത്തിയിട്ടുള്ള കരകൗശല യൂണിറ്റുകൾക്ക് പരമാവധി 2 ലക്ഷം രൂപ സ്ഥിരാസ്തി ആർജ്ജിക്കുന്നതിനു ചെലവായ തുകയുടെ 40% പൊതു വിഭാഗങ്ങൾക്കും പരമാവധി 3 ലക്ഷം രൂപ സ്ഥിരാസ്തി ആർജ്ജിക്കുന്നതിനു ചെലവായ തുകയുടെ 50% ശതമാനം സ്ത്രീകൾ/പട്ടികജാതി/ പട്ടികവർഗ്ഗക്കാർ/യുവതി യുവാക്കൾ എന്നീ പ്രത്യേക വിഭാഗങ്ങളിൽപ്പെട്ടവർക്കും സബ്സിഡി നൽകുന്ന പദ്ധതി പ്രകാരം സഹായം നൽകി വരുന്നു.

**<u>9. Incentives to Workers in Bamboo Sector and Support for Harvesting and Processing-</u>**
കേരള സ്റ്റേറ്റ് ബാംബൂ കോർപറേഷന്റെ കീഴിൽ ജോലി ചെയ്യുന്ന ഈറ്റ വെട്ടുകാരും പായ നെയ്ത്തുകാരും അഭിമുഖീകരിക്കുന്ന സാമൂഹിക സാമ്പത്തിക പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് അവരുടെ ക്ഷേമം മെച്ചപ്പെടുത്തുന്നതിനായി ആവിഷ്കരിക്കുന്ന പദ്ധതി യാണ് മുള മേഖലയിലെ തൊഴിലാളികൾക്ക് പ്രോത്സാഹനങ്ങൾ- വിളവെടുപ്പും സംസ്കരണവും എന്ന പദ്ധതി. 2024-25 സാമ്പത്തിക വർഷം മുതൽ

| | | | |
|---|---|---|---|
| | | | പദ്ധതി നടപ്പിലാക്കി വരുന്നു. കാർഷിക-വ്യാവസായിക മേഖലയിലെ തൊഴിലാളികൾക്കായുള്ള ഉപഭോക്തൃ വില സൂചികയുടെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന ബാംബൂ കോർപറേഷൻ ഡിയർനെസ് അലവൻസ് എന്ന പേരിൽ നൽകി വന്നിരുന്ന 149/- രൂപ തുടർന്ന് സർക്കാർ നേരിട്ട് തൊഴിലാളികളിലേയ്ക്ക് എത്തിക്കുന്ന പദ്ധതിയാണിത്. |
| (ബി) | ഈ സർക്കാരിന്റെ കാലയളവിൽ എത്ര സംരംഭങ്ങളാണ് സംസ്ഥാനത്ത് ആരംഭിച്ചിട്ടുള്ളതെന്നും ഇനിയും എത്ര സംരംഭങ്ങൾ 2025-26 സാമ്പത്തിക വർഷം ആരംഭിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും വിശദമാക്കാമോ? | (ബി) | ഈ സർക്കാരിന്റെ കാലയളവിൽ അതായത് 2021 മെയ് മാസം മുതൽ 2025 ഫെബ്രുവരി 27 വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് എം എസ് എം ഇ മേഖലയിൽ 3,60,606 പുതിയ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് 23,658.35 കോടി രൂപയുടെ നിക്ഷേപവും 7,87,465 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു. |

സെക്ഷൻ ഓഫീസർ